'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ ഓഫീസ് കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.2057/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/09/2019

പരാമർശം:- 1 സ.ഉ.(സാധാ.)നം.1456/2012/ത.സ്വ.ഭ.വ തീയതി 28.05.2012

2 ഗ്രാമവികസന കമ്മീഷണറുടെ 11.12.2018, 02.02.2019 തീയതികളിലെ 1466 /എച്ച് & റ്റി 2/2017/സിആർഡി നമ്പർ കത്ത്.

3 അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 08.08.2019-ൽ ചേർന്ന ഡിപ്പാർട് മെന്റൽ വർക്കിംഗ് ഗ്രൂപ് യോഗത്തിന്റെ തീരുമാനം

<u>ഉത്തരവ്</u>

പുതുതായി രൂപീകരിച്ച 6 ബ്ലോക്ക് പഞ്ചായത്തുകൾക്ക് 2 കോടി രൂപ വീതം ചെലവിൽ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇക്കൂട്ടത്തിൽ ഉൾപ്പെടുന്ന കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിട നിർമ്മാണം 1.75 കോടി രൂപയുടെ സാങ്കേതികാനുമതിക്കു ശേഷം 1,35,99,549/-രൂപയുടെ കരാർ നൽകി പ്രവൃത്തി ആരംഭിച്ചിട്ടുള്ളതായും എന്നാൽ ചുറ്റുമതിൽ, പ്രവേശന കവാടം, ഇലക്ട്രിക്കൽ വർക്കുകൾ, ഇന്റീരിയർ വർക്കുകൾ, ലാൻഡ് സ്കേപ്പിംഗ്, അപ്പ്രോച് റോഡ്, ഡ്രെയിനേജ് എന്നീ പ്രവൃത്തികൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതിരുന്ന സാഹചര്യത്തിൽ ടി പ്രവൃത്തികൾക്കായി തയ്യാറാക്കിയ 64 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് കൂടി അംഗീകാരം നൽകണമെന്നും ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യ പ്രകാരം ഗ്രാമവികസന കമ്മീഷണർ പരാമർശം (2)പ്രകാരം ശുപാർശ ചെയ്തിരുന്നു.

2 . 08.08.2019-ൽ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഡിപ്പാർട് മെന്റൽ വർക്കിംഗ് ഗ്രൂപ് യോഗം ഇക്കാര്യം പരിശോധിക്കുകയും ഗ്രാമവികസന കമ്മീഷണറുടെ ശുപാർശ അംഗീകരിക്കുകയുമുണ്ടായി.

3 . മേൽ വിവരിച്ച സാഹചര്യത്തിൽ കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ ഓഫീസ് കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിലേക്കായി ഗ്രാമവികസന കമ്മീഷണർ സമർപ്പിച്ച 64 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു. ടി തുക പുതിയ ബ്ലോക്ക് പഞ്ചായത്തുകളുടെ ഓഫീസ് കെട്ടിട നിർമ്മാണത്തിനായി നടപ്പ് വർഷം സംസ്ഥാന ബഡ്ജറ്റിൽ 2515-00-197-36(01) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു കട്ടൻ.എം.എസ്
അഡീഷണൽ സെക്രട്ടറി

പകർപ്പ്
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, കാളികാവ് ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2019.09.__ 12:28:16 IST
Reason: Approved

സെക്ഷൻ ഓഫീസർ